**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **07-10-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എ. രാജ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാവർക്കും വീട് എന്ന പ്രകടന പത്രിക പ്രഖ്യാപനം നടപ്പാക്കുന്നതിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന പ്രകടന പത്രികയിലെ പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര പദ്ധതിയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി. 2017 ൽ തുടങ്ങിയ ഈ പദ്ധതിയിലൂടെ 30.09.2024 വരെ 5,17,199 കുടുംബങ്ങൾക്ക് വീട് അനുവദിച്ചതിൽ 4,16,678 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,00,521 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.വിവിധ കേന്ദ്ര/ സംസ്ഥാന പദ്ധതികൾ സംയോ ജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് സംസ്ഥാനത്ത് ലൈഫ് ഭവനപദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ മുഖേന ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി കരാറിലേർപ്പെട്ട് വർഷങ്ങളായി ബേസ്മെന്റുകൾ പോലും പൂർത്തീകരിക്കാതെയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൂർത്തീകരിക്കപ്പെടാതെയും അവശേഷിച്ചിരുന്ന 54,116 വീടുകൾ ലൈഫ് ഭവനപദ്ധതിയുടെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ വിഭാഗത്തിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ തുക ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 52,680 വീടുകൾ ഇതിനോടകം പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br><br>ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 2017-ൽ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം |

നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ടി ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഗുണഭോക്താക്കളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങ ളുമായി കരാറിലേർപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കരാർ വയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തവരും CRZ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വനാവകാശ സംരക്ഷണ നിയമം എന്നിവയുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾക്കും മതിയായ രേഖകൾ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ടി ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

2017-ൽ തയ്യാറാക്കിയ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗ ത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ മുഖേന 2019-ൽ തയ്യാറാക്കി ലൈഫ് മിഷന് കൈമാറിയ ലിസ്റ്റുകൾ ലൈഫ് അർഹതാ മാനദണ്ഡപ്രകാരം പരിശോധിച്ച് പട്ടികജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് അഡീഷണൽ ലിസ്റ്റ് തയ്യാറാക്കുകയും അതിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് ഭനനിർമ്മാ ണാനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 2020-ൽ ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൽ 9,20,260 അപേക്ഷകൾ ലഭിച്ചു. ഈ അപേക്ഷകൾ ലൈഫ് മാനദണ്ഡപ്രകാരം പരിശോധനയും പുന:പരിശോധനയും ഗ്രാമസഭ/ വാർഡ്സഭ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ അന്തിമമാക്കുകയുണ്ടായി. ഇപ്രകാരം തയ്യാറാക്കിയ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽ പ്പെട്ടവർക്കും അതിദരിദ്രരുടെ സർവ്വേയിലൂടെ കണ്ടെത്തിയ വീട് വേണ്ടവർക്കും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതു വിഭാഗത്തിൽപ്പെട്ടവർക്കും ധന സഹായം അനുവദിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇ.പി.ഇ.പി വിഭാഗത്തിൽപ്പെട്ട ഭൂമിയും വീടുമില്ലാത്തവർക്ക് ഭൂമി കണ്ടെത്തി ഭവനനിർമ്മാണ ധനസഹായം അനുവദിക്ക ന്നതിനുള്ള നടപടികളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹി തരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന 32 ഭവനസമുച്ചയങ്ങളുടെയും പാർട്ണർ ഷിപ്പിലൂടെ 3 ഭവനസമുച്ചയങ്ങളുടേയും നിർമ്മാണം ആരംഭിച്ചു. ഇതിൽ ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച 4 ഭവന സമുച്ചയങ്ങളുടെയും (കണ്ണൂർ - കടമ്പൂർ, ഇടുക്കി - കരിമണ്ണൂർ, കോട്ടയം - വിജയപുരം, കൊല്ലം - പുനലൂർ) പാർട്ണർഷിപ്പിലൂടെ രണ്ട് ഭവനസമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചു. ഇവയ്ക്ക് പുറമെ 3 ഭവനസമുച്ചയങ്ങൾ (തിരുവനന്തപുരം - വെങ്ങാനൂർ, എറണാകുളം - കീഴ്മാട്, എറണാകുളം - അങ്കമാലി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി യിട്ടുണ്ട്. ഒരു ഭവന സമുച്ചയം (തിരുവനന്തപുരം നഗരസഭയിൽ) സ്പോൺസർ ഷിപ്പിലൂടെ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുകയുംചെയ്തിട്ടുണ്ട്. കൂടാതെ ഭവനം ഫൗണ്ടേഷൻ അടിമാലിയിൽ നിർമ്മാണം പൂർത്തീകരിച്ച 217 യൂണിറ്റുകളുള്ള ഭവനസമുച്ചയം ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങി ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താ ക്കളുടെ പുന:രധിവാസം ഉറപ്പാക്കിയിട്ടുണ്ട്. മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പന്നിയോട് ശ്രീ. സുകുമാരൻ വൈദ്യർ സൗജന്യമായി നൽകിയ 2.50 ഏക്കർ ഭൂമിയിൽ 112 ഭവനങ്ങളും അംഗൻവാടിയുമുൾപ്പെടുന്ന ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 24.99 കോടി രൂപയുടെ ഭരണാനുമതിയും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

ഭൂരഹിതരുടെ പുന:രധിവാസ ത്തിനായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയതിനാൽ കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിതർക്കുകൂടി ലൈഫ് മിഷനുമായി ചേർന്ന് ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് സമ്മതം അറിയിച്ചിട്ടുണ്ട്. ഇതിൽ ഇ.പി.ഇ.പി. ഗുണഭോ ക്താക്കൾക്ക് പരിഗണന നൽകി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശി ച്ചിട്ടുള്ളത്.

ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിലൂടെ

| | | | |
|---|---|---|---|
| | | | 2024 സെപ്റ്റംബർ മാസം വരെ 3208.739 സെന്റ് (32.08739 ഏക്കർ) ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1816.815 സെന്റ് (18.16815 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഭൂമി ആർജ്ജിച്ച് വരുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിലൂടെ ലഭിച്ച ഭൂമിയിൽ 100 വീടുകൾ സൗജന്യമായി നിർമ്മിച്ച് നൽകുന്നതിന് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ എന്ന സംഘടന താല്പര്യം അറിയിക്കുകയും അതിന് സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻറെ ഫലമായി തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും, കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെയും, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥത യിലുള്ള സ്ഥലത്തുമാണ് വീട് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഇപ്രകാരം സംസ്ഥാനത്തെ അർഹരായ എല്ലാവർക്കും വീട് എന്ന പ്രകടന പത്രികയിലെ പ്രഖ്യാപനം നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ അഭിമാനകരമായ നേട്ടം കൈവരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ വന്നതിനു ശേഷം ലൈഫ് ഭവന പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (2021 മേയ് മുതൽ 30.09.2024 വരെ) ലൈഫ് ഭവനപദ്ധതിയിലൂടെ 2,29,415 വീടുകൾ അനുവദിച്ചു. 1,54,547 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ള 74,868 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. |
| (സി) | നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്രയാണെന്നും അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ; | (സി) | ഭവനനിർമ്മാണം പുരോഗമിക്കുന്ന 1,00,521 വീടുകൾ (ലൈഫ് പദ്ധതി നിലവിൽ വന്ന 2017 മുതൽ 30.09.2024 വരെ) നിലവിലുണ്ട്. 2025 മാർച്ച് 31-നകം ടി വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | ലൈഫ് ഭവന പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന വിഹിതത്തിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ലൈഫ് ഭവന പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും ധന സഹായം ലഭിക്കുന്നില്ല. കേന്ദ്രവിഹിതം ലഭിക്കുന്ന പി.എം.എ.വൈ (ഗ്രാമീൺ), പി.എം.എ.വൈ (അർബൻ) എന്നീ പദ്ധതികളെ ലൈഫ് ഭവന പദ്ധതിയുമായി സംയോജിപ്പിച്ചാണ് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. 72,000 രൂപ കേന്ദ്രവിഹിതം ലഭിക്കുന്ന പിഎംഎവൈ (ഗ്രാമീൺ), 1,50,000 രൂപ ലഭിക്കുന്ന പിഎംഎവൈ (നഗരം) എന്നീ പദ്ധതികളുടെ ഗുണഭോക്താ ക്കൾക്കും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി 4 ലക്ഷം രൂപയുടെ ആനുകൂല്യമാണ് നൽകുന്നത്.<br><br>ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 30.09.2024 വരെ 18072.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2081.69 കോടി രൂപയാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. പിഎം.എ.വൈ (ഗ്രാമീൺ) പദ്ധതിയിലും, പിഎം.എ.വൈ (അർബൻ) പദ്ധതിയിലും കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ടാർജറ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് മാത്രമാണ് കേന്ദ്രസർക്കാർ വിഹിതം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ